

ലിറ്റിൽ കൈറ്റ്സ് 2019 -20

# ചിത്രശലഭങ്ങൾ ചിറകടിക്കുമ്പോൾ

little KITEs

**എസ്.എൻ.ജി.എസ്.എച്ച്.എസ്.എസ് കാരമുക്ക്**


# ചിത്രശലഭങ്ങൾ
# ചിറകടിക്കുമ്പോൾ



**ഭാവിയുടെ പൂക്കളും കായ്കളും വിരിയിരിക്കുന്ന മരങ്ങളാണ് വിദ്യാലയങ്ങൾ**


**ശ്രീനാരായണ ഗുപ്തസമാജം ഹയർ സെക്കണ്ടറി സ്കൂൾ കാരമുക്ക്**

# ശ്രീനാരായണഗുരു




സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപോകുന്നതുപോലെ
അറിവ് ഉദിക്കുമ്പോൾ അജ്ഞ്ഞതയും മാറിപോകുന്നു.

# സമർപ്പണം



അക്ഷരലോകത്ത് എസ്.എൻ.ജി.എസിന്റെ നാമം
അനശ്വരമാക്കിയ നമ്മുടെ പ്രഥമ പ്രധാനാധ്യാപകനും
സാഹിത്യകാരനുമായിരുന്ന കെ.എസ്.കെ.തളിക്കുളത്തിന് പ്രണാമം



# മാഗസിനെക്കുറിച്ച്...

ഒരു ഡിജിറ്റൽ മാഗസിൻ കൂടി പിറവി കൊള്ളുകയാണിവിടെ.കൊച്ചുമനസ്സുകളുടെ കൊച്ചുകൊച്ചുസ്വപ്നങ്ങളുടെ ചിറകടികളാണ് ഇനിയുള്ള താളുകൾ.ഒരു മാഗസിനുവേണ്ട ചേരുവകളെല്ലാം ഉൾകൊണ്ട ഒന്നായി നിങ്ങളിതിനെ വിലയിരുത്തരുത്. കുറേ കൊച്ചുമനസ്സുകളുടെ ഭയങ്ങളും വിഹ്വലതകളും ചിന്തകളും നിങ്ങിളിതിൽ കണ്ടേക്കാം.നിയതമായ രൂപഘടനയുള്ള പാഠപുസ്തകങ്ങൾക്കപ്പുറത്തേക്കുള്ള മനസ്സുകളുടെ മേച്ചിൽപ്പുറങ്ങളാണ് ഈ മാഗസിനെന്ന് വിശേഷിപ്പിക്കാനാണ് കൂടുതൽ താല്പര്യം.

ഈ മാഗസിൻ നിങ്ങളിലേക്ക് സമർപ്പിക്കുകയാണ്...

യാന്ത്രികതയിൽ മുങ്ങികൊണ്ടിരിക്കുന്ന നമ്മുടെ മനസ്സുകളുടെ ഉൾത്തുടിപ്പുകൾ പരമാവധി ഉൾപ്പെടുത്തികൊണ്ട്...

ഇനി ചിന്തകൾ നിങ്ങളുടേതാണ്...

മൂർച്ചയേറിയ മനസ്സുകളുടെ സ്പന്ദനങ്ങളിലേക്ക് സ്വാഗതം.

സ്നേഹപൂർവ്വം
ദിനേഷ്.ഇ.വി

# ഉള്ളിലിരിപ്പുകൾ....

## കവിത

പ്രളയം........................................................................................................................ 8

ഞാൻ കണ്ട മഴ.............................................................................................................. 9

ഗ്രാമം.......................................................................................................................... 10

മരണം........................................................................................................................ 11

ചെറുനോവ്.................................................................................................................. 12

കാത്തിരുപ്പ്.................................................................................................................. 13

ഗുരുവചനങ്ങൾ..............................................................................................................14

## കഥ

തനിച്ചായിരുന്നില്ല ഞാൻ............................................................................................. 16

## ലേഖനം

ആത്മോപദേശശതകം-ഗുരുദേവൻ കൈരളികക് നൽകിയ ജ്ഞാനദീക്ഷ..........................20

പിൻകുറിപ്പ്................................................................................................................... 24

എഴുതി മായ്ക്കാൻ
ഒരു വരി
കിട്ടിയിരുന്നെങ്കിൽ
ഒരു കവിത എഴുതാമായിരുന്നു....



# കവിത



# പ്രളയം

ഒരു
പ്രളയത്തിലാണ്
നമ്മൾ
ഒന്നായത്
നിന്റെ
വീടിന്റെ
വാതിലുകൾ
മലർക്കെ
തുറന്ന്
നിറപുഞ്ചിരിയോടെ
നീ സ്വീകരിച്ചപ്പോൾ
ഞങ്ങളിൽന്നും
അകന്നുപോയത്
അഹംഭാവത്തിന്റെ
ദ്രവിച്ച വിത്തുകളാണ്.



മനുഷ്യനൊന്നാണെന്ന സത്യം
പ്രകൃതി
വീണ്ടും വീണ്ടും
ഓർമ്മിപ്പിക്കും നമ്മളെ...

**ശ്രീലക്ഷ്മി.കെ.ഡി**

## ഞാൻ കണ്ട മഴ

ആകാശ ചെപ്പിൽ നിന്നും

താമരനൂലുപോലെ പെയ്തിറങ്ങി

എൻ മുറ്റത്ത് പവിഴമുത്തുകൾ

പോലെ തുള്ളിക്കളിക്കുന്നതും

കാണുവാൻ എന്തു രസം

കുഞ്ഞു കുഞ്ഞു കടലാസു തോണികൾ

ഒളുക്കി കളിക്കുവാൻ എന്തു രസം

മുത്തുകൾ വാരി വിതറും പോലുള്ള

കുഞ്ഞു കുഞ്ഞു തുള്ളിയിൽ

ഓടിച്ചാടി കളിക്കുവാൻ എന്തു രസം

തുള്ളിക്കൊരുക്കുടെ പോലെ

പെയ്തിറങ്ങും മഴയേ

കാണുവാൻ എന്തു രസം

ഈ പുല\ക്കാല മഴയിൽ നൃത്തം

വെയ്ക്കുന്ന മഴത്തുള്ളികളെ

കാണുവാൻ എന്തുരസം

ഈ മഴയെക്കാണാൻ എന്തു രസം.



**ലക്ഷ്മി**

## ഗ്രാമം



നാട്ടുവഴിപ്പച്ചയിലെ
തൊട്ടാവാടിമയക്കം
മുക്കുറ്റിമഞ്ഞ
തോട്ടുവക്കത്തെ
ചെളിമണം

ഓത്തുപ്പള്ളിയെി
കശുമാവിൻതോട്ടത്തുനിന്നും
അൻവകൊണ്ടുതരാറുള്ള
പറങ്കിമാങ്ങമധുരം

അമ്പലപ്പറമ്പിലെ
ആൽമരംപ്പോലെ
തണൽത്തലോടായ്
അച്ഛനമ്മമ്മയും
ഉമ്പപ്പ ◌െണ്മപ്പോൽ
വാത്സല്യമാണെൻ് പെങ്ങൾ

കമ്പ്യൂട്ടറിനു ജീവിതം
പകുത്തു കൊടുക്കമ്പോൾ
നാടിപ്പോൾ ഓർമ്മകളുടെ
യൊരു കുമ്പസാരം

ലക്ഷ്മി സുരേഷ്

## മരണം

അയാളും മരിച്ചു
കവലയിലെ ഫ്ലെക്സിൽ
അയാളുടെ പഴയ ഫോട്ടോ
ഉള്ളിൽ കോറി വലിക്കുന്ന നോട്ടം
കണ്ണുകളിൽ ഇപ്പോഴുമുണ്ട്
ഇന്ന് വൈകിട്ടാണ് ശവമെടുപ്പ്
വേണമെങ്കിൽ പോകാം
നല്ലതും ദുഷ്ടും പറയുന്നവർക്കിടയിൽ നിന്ന്
ഒന്നുകൂടി അയാളെ കാണാം
പതം പറഞ്ഞുള്ള കരച്ചിൽ കേൾക്കാം
പൂക്കൾക്കും റീത്തുകൾക്കും
ഇടയിലൂടെ
അടഞ്ഞ കണ്ണിലൂടെ
ഉള്ളുകൊത്തി വലിക്കുന്ന ഒരു നോട്ടം
കാത്തിരിക്കുന്നുണ്ടാവും
ചുണ്ടിന്റെ കോണിൽ
കരച്ചിലിന്റെ തുമ്പിൽ കെട്ടിയ
ഒരു ചിരിയും
വാക്കുകൾ ഇപ്പോഴും
ചിതറിയ മൗനത്തിന്റെ
ചില്ലോച്ചുകൾ പോലെ
അയാളുടെ പിടിവിട്ടു
എവിടെയൊക്കെയോ
അലയുകയാവും

വേണമെങ്കിൽ പോകാം
കാത്തിരിപ്പിന്റെ ഭാവം
അയാൾക്ക് കാണാൻ വേണ്ടി
കൺകോണിൽ പുരട്ടി
വേണമെങ്കിൽ പോകാം
ഇപ്പോഴെങ്കിലും.

**സ്മിത്ത് അന്തിക്കാട്**

ചെറുനോവ്...

പതിയെ പൊഴിയും മഴയെ

പനിമതിയെ... വെൺ നദിയെ....

കനവായെന്നിൽ നിറയെ...

പതിയെ.... പതിയേ...

അലയാമൊന്നായി അവിടെ

അകലെ... അങ്ങകലേ...

മലരായ് നിറയെ നെഞ്ചിൽ

അരികെ..... അരികെ....

ഒരു ചെറുനോമുതന്നു നീ

നൊമ്പരങ്ങളായ് മാഞ്ഞുവൊ

ഒരുപിടിയോർമ്മകൾ തന്നരാമുയം

വെല്ലെ അകലുന്നുവൊ.....

മലരൊളി പൂത്തുനിന്നൊരാമുഖം

എന്നെയറിമൊ.....

ഇനിയൊരുജന്മമെങ്കിലും എന്നിലായ്

നീ വന്നണയുമൊ.....

sreelal sreejith

# കാത്തിരിപ്പ്

നിന്നെ ഞാൻ കാത്തിരിക്കുമീജന്മമത്രയും
നിന്നെ ഞാൻ തേടുമീലോകമത്രയും
രാവു മായട്ടെ കാലം മറയട്ടെ
കാറ്റുപോലെ നീ മറയല്ലെ പെണ്ണേ

നിന്റെ കാല്പാടുത്തേടി ഞാൻ അലഞ്ഞു
നിന്റെയാ മാൻമിഴികളെന്നെ വലച്ചു
നീയുമെന്നിലായലിയുന്നു കണ്ണേ
സ്നേഹമെന്തെന്ന് ഞാൻ അറിയുന്നു പെണ്ണേ

ഞാൻ ഉറങ്ങുമ്പോഴും എൻ മനം കാത്തിരിക്കുന്നു.
കാത്തിരിപ്പൊ. കാത്തിരുന്നു മടുക്കുന്നു.

sreelal

## ഗുരുദേവ വചനങ്ങൾ

"വാദിക്കാനും ജയിക്കുവാനും അല്ല,
അറിയുവാനും അറിയിക്കുവാനും ആണ് വിദ്യ."

"വിവേകം താനെ വരില്ല,യത്നിക്കണം ധാരാളം വായിക്കണം."

"ഈ ലോകം സത്യത്തിലാണ് സ്ഥിതിചെയ്യുന്നത്
അതുകൊണ്ട് കള്ളം പറയരുത് ,സത്യം മാത്രം പറയുക."

"മതം ഈശ്വര സാക്ഷാല്ക്കാവരതിനുള്ള ഒരു ഉപാധിമാത്രം,
മതം അല്ല ദൈവം."

"നിസ്വാര്ത്ഥകമായ സേവനത്തിനു എപ്പോഴും ഈശ്വരാനുഗ്രഹം
ഉണ്ടാകും."

"മടിയന്മാരായി ജീവിക്കുന്നത് നീതിക്ക് നിരക്കാത്തത്?"

ശുചിത്വം അടുക്കളയിൽ നിന്ന് തുടങ്ങുക."

"പലമതസാരവുമേകം"


മുറിപാടുകളിൽ പൊത്താൻ
ഒരുപിടി ഉപ്പില്ലാത്തവന്റെ
സങ്കടമാണ് ജീവിതം...
minu prem

# തനിച്ചായിരുന്നില്ല ഞാൻ

അമ്പലപറമ്പിലെ ചെറിയ ഇടവഴിയിലൂടെ അസമയത്ത് അങ്ങനെ ആരും നടന്ന് വരാറില്ല എന്നിട്ടും ഇന്ന് ഞാൻ ആ വഴിയിലൂടെയാണ് വീട്ടിലേക്ക് നടന്ന് വന്നത്. ആൾമാറയില്ലാതെ ഇന്ന് ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്ന ആ കിണറ്റിൽ നിന്നാണ് പണ്ട് ഈ ഗ്രാമത്തിലുള്ള ഒട്ടുമിക്ക എല്ലാ വീടുകളിലേക്കും വെള്ളം കൊണ്ട് പോയിരുന്നത് .കാലം മാറിയപ്പോൾ മാലിന്യങ്ങൾ കൊണ്ട് തള്ളാനുള്ള ഒരു സ്ഥലമി മാറി ഇവിടം . ഈ കിണർ കഴിഞ്ഞു ഒരു കശുമാവിൻ തോപ്പും പുഞ്ചപ്പാടവും കഴിഞ്ഞുവേണം എന്റെ വീട്ടിലെത്താൻ .

നടന്നുഞാൻ കശുമാവിൻ തൊപ്പിലെത്തിയപ്പോൾ നല്ല പഴുത്ത പറങ്കി മാങ്ങയുടെ മണം എന്റെ ഓരോ ശ്വാസത്തിലും തുളഞ്ഞു കയറിക്കൊണ്ടിരുന്നു . പണ്ട് വേനലവധികാലത്ത് മുത്തച്ഛന്റെ ഉച്ചയുറക്കത്തിന്റെ നേരത്താണ് ആരും കാണാതെ തൊടിയിലെ കശുവണ്ടി പെറുക്കിയെടുത്ത് ഐസ്കാരന് വിൽക്കുന്നതും എന്നിട്ട് പകരം പാൽഐസ് വാങ്ങി കഴിക്കുന്നതും .

കശുമാവിൻ തോപ്പിലൂടെ നടന്ന് നീങ്ങുമ്പോൾ ഞാൻ തനിച്ചായിരുന്നില്ല എന്റെ കൂടെ ആരൊക്കെയോ ഉണ്ടായിരുന്നു . അവർ ആരാണെന്ന് എനിക്ക് അറിയില്ല .എന്നാലും ഞങ്ങൾ വളരെ കാലങ്ങളായിട്ടുള്ള പരിചിതരെ പോലെയായിരുന്നു സംസാരിച്ചുകൊണ്ട് നടന്നത് . ഇടക്ക് അവർ പലവഴിയായി പിരിഞ്ഞു....!


കശുമാവിൻ തോപ്പും കഴിഞ്ഞ് പുഞ്ചപ്പാടത്തിന്റെ വരമ്പിലൂടെ ഇറങ്ങി നടന്നപ്പോൾ അതുവരെ എനിക്ക് വഴികാട്ടി തന്നിരുന്ന തെളിഞ്ഞ ചന്ദ്രനെ കാർമേഘങ്ങൾ തന്റെ കരവലയത്തിലാക്കികൊണ്ട് കടന്നുപോയപ്പോൾ ആ ഇരുട്ടിൽ തപ്പിതടഞ്ഞു ഒരു വിധം ഞാൻ പടിപ്പുര കടന്നതും മഴ എന്നെ തഴുകി ചുംബിക്കാൻ തുടങ്ങിയപ്പോഴേക്കും ഞാൻ ഇറയത്തേക്ക് ഓടി കയറിയിട്ട് അഴയിൽ കിടന്നിരുന്ന തോർത്തെടുത്തു ദേഹവും തലയും തോർത്തുന്നതിനിടയിൽ അച്ഛന്റെ അസ്ഥിതറയിലേക്ക് ഒന്ന് കണ്ണോടിച്ചപ്പോൾ അവിടെ കത്തിച്ചു വെച്ചിട്ടുള്ള വിളക്ക് അപ്പോഴും കത്തുന്നുണ്ടായിരുന്നു .!.

നേരം വൈകി വീട്ടിലെത്തിയാൽ എപ്പോഴും അമ്മ എന്നെ വഴക്കുപറയാറുള്ളതാണ് .ഇന്ന് അത് ഉണ്ടായില്ല.ഞാൻ നേരെ അമ്മയുടെ മുറിയില്ലേക്കാണ് കയറിച്ചെന്നത് .അമ്മ അവിടെ ഇല്ല പിന്നെ അമ്മയെ തിരക്കി നടന്നപ്പോൾ അമ്മ എന്റെ മുറിയിൽ എന്റെ കട്ടിലിൽ എന്റെ തലയിണയിൽ തല വെച്ചുകൊണ്ട് കിടന്നുറങ്ങുകയാണ് .എത്ര വലിയ മഴയുണ്ടെങ്കിൽ പോലും പുതച്ചു കിടക്കാത്ത ആളാണ് ഇപ്പോൾ എന്റെ പുതപ്പും പുതച്ചു ചുരുണ്ട് കിടക്കുന്നത് .ഇത് കണ്ടപ്പോൾ എനിക്ക് അമ്മയെ എഴുന്നേൽപ്പിക്കാൻ തോന്നിയില്ല .ഇടക്ക് 

അമ്മയുടെമൊബൈൽ ബെൽ അടിക്കുന്ന ശബ്ദം കേട്ടപ്പോൾ ഞാൻ അത് ഒന്ന് കാതോർത്തിരുന്നപ്പോൾ അപ്പുറത്തു എന്റെ ചേച്ചിയാണ് .അവൾ അമ്മയെ ആശ്വസിപ്പിക്കുകയാണ്ണെന്ന് എനിക്ക് അമ്മയുടെ തിരിച്ചുള്ള മറുപടിയിൽ നിന്ന് മനസിലായി.എപ്പോഴും അവൾ അമ്മയുടെ എടുത്ത് അവളുടെ വിഷമവും ചില കുറ്റപ്പെടുത്തലുകളുമാണ് ഫോണിലൂടെ പറയാറുള്ളത് ഇതെന്ത് മറിമായം എന്ന് സ്വയം പറഞ്ഞു കൊണ്ട് ഞാൻ അടുത്ത മുറിയിലേക്ക് നടന്ന് ...

തറവാട്ടിൽ നിന്ന് ഭാഗം പിരിഞ്ഞ് എല്ലാവരും അവരവരുടെ ഓഹരിയുമായി പോവുന്നതിന് മുൻബ് ഇവിടെ എന്നും ഒരു സദ്യക്കുള്ള ആൾകാരുണ്ടായിരുന്നു.അന്ന് പണിക്ക് എത്ര ആളുണ്ടെങ്കിലും കൊയ്ത്തു കഴിഞ്ഞു കൊണ്ട് വരുന്ന നെല്ല് അറയിലും, പത്തായത്തിലും കയറ്റണം .ആവശ്യത്തിനുള്ള നെല്ല് ഇടക്ക് പുഴുങ്ങണം ,ചിക്കണം ഉണക്കണം, കുത്തിക്കാൻ കൊണ്ട് പോവണം ,അരി ചേറുന്നതിന്റെ ഇടയിൽ ഞാൻ കുറുമ്പ് കാട്ടിയാൽ എന്നെ പത്തായത്തിന്റെ കാലിൽ കെട്ടിയിട്ടിട്ടുണ്ട് .അന്ന് എത്ര അരി കൂടുതലിട്ടു വെച്ചാലും ഇടക്കിടെ വന്ന് കയറുന്ന വിരുന്നുകാരുടെ എണ്ണം കൂടുതലായതിനാൽ രാത്രിയായാൽ ഈ പെണ്ണുങ്ങൾക്ക് ചോറ് തികയാതെ വരും അത് ഏറ്റവും കൂടുതൽ അനുഭവിച്ചിട്ടുള്ളത് അമ്മയും മേമയുമാണ് . ഇപ്പോൾ ആളൊഴിഞ്ഞു കിടക്കുന്ന കിടപ്പുമുറികളും വലിയ തളങ്ങളും ഇടനാഴിയും നോക്കികൊണ്ട് അമ്മ ഒരുദീർഘനിശ്വാസത്തോടെ പറയും എത്ര ആൾക്കാർക്ക് വെച്ചു വിളമ്പിയ കൈയാണ് എന്റെ ,ഇപ്പോൾ കഴിക്കാനും ആളില്ല ...

പതിയെ ഞാൻ ഊണ് മേശയുടെ അടുത്ത് ചെന്ന് നോക്കിയപ്പോൾ ഒരു സദ്യതന്നെയുണ്ട് .പിന്നെ എനിക്ക് പ്രിയപ്പെട്ട സേമിയ പായസവും ഉണ്ണിയപ്പവും ഉണ്ടാക്കി വെച്ചിരിക്കുന്നു .ഇത് കണ്ടപ്പോൾ എനിക്ക് മനസിലായി ഇന്ന് കർക്കിടകത്തിലെ ഉത്രട്ടാതിയാണ് ഇന്ന് എന്റെ പിറന്നാളാണ് .അമ്മ അങ്ങനെയായിരുന്നു ഞാൻ മനസ്സിൽ വിചാരിക്കുമ്പോൾ എനിക്ക് ഇഷ്ട്ടമുള്ള ആഹാരങ്ങൾ ഉണ്ടാക്കി തന്നിരുന്നു .എനിക്ക് ഇത് കണ്ടപ്പോൾ എന്റെ കണ്ണു നീരിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല . ഇടക്കെപ്പോഴോ അമ്മ ഫോണിലെ സംസാരം നിർത്തിയിട്ട് എന്റെ അലമാരയിലിരിക്കുന്ന പഴയ പുസ്തകങ്ങൾ മറച്ചുനോക്കുന്നതിനിടയിൽ ഞാൻ എഴുതിയ ആരും കാണാതെ ഒളിപ്പിച്ചുവെച്ചിരുന്ന എന്റെ ചില നുറുങ്ങ് കവിതകളും ചില പ്രണയ ലേഖനങ്ങളും വായിച്ച് ചിരിക്കുകയാണ് .അമ്മയുടെ വായനയെ ശല്യം ചെയ്യണ്ട



എന്ന് കരുതി ഞാൻ ആ വലിയ തളത്തിലൂടെ വെറുതെ ഉലാത്തിയപ്പോൾ മച്ചിന്റെ മുകളിൽ എലികൾ ഓടികളിക്കുന്ന ശബ്ദം കേൾക്കാം .പുറത്ത് ഉന്മാദിയെപോലെ മഴ പിന്നെയും നിർത്താതെ പെയ്യുന്നുണ്ട് . അപ്പോഴാണ് പൂമുഖത്തെ ചുവരിൽ ഇരുന്നിരുന്ന വാല് മുറിഞ്ഞ ഒരു പല്ലി മുത്തച്ഛന്റെയും ,മുത്തശ്ശിയുടെയും ,അച്ഛന്റെയും മങ്ങിതുടങ്ങിയ ആ ഫോട്ടോകൾക്ക് നേരെ നീങ്ങുന്നത് ഞാൻ കണ്ടത്.ഒരുനിമിഷം സൂക്ഷിച്ച

നോക്കിയപ്പോൾ ആ ഫോട്ടോകളുടെ വലത് സൈഡിൽ എന്റെ ഒരു പുതിയ ഫോട്ടോ ഫ്രയിം ചെയ്തു വെച്ചിരിക്കുന്നത് ഞാൻ കണ്ടത് ..അത് കണ്ടപ്പോൾ ഞാൻ പതിയെ മഴയുടെ ആഴങ്ങളിലേക്ക് ഇറങ്ങിനടന്നു .ഞാൻ തനിച്ചായിരുന്നില്ല .എന്റെ കൈകൾ ചേർത്ത് പിടിക്കാൻ അവരും കൂടെയുണ്ടായിരുന്നു !!!

**ദിവ്യ വല്ലത്തുപറമ്പിൽ**


ലേഖനം
നടന്ന്... നടന്ന്
നടന്നാണത്രേ...
വഴികൾ
ഉണ്ടായത്...!!
Facebook/ Zen to Zany

ജീവിതത്തിന്റെ ആധാരമായ പരമമായ സത്യത്തെ കുറിച്ച് അറിയാനുള്ള ജിജ്ഞാസ എല്ലാവരിലും രൂപം കൊള്ളുന്ന ഒന്നല്ല. അത് പല ജന്മങ്ങളിലൂടെ കടന്ന് പോയി പക്വമായ ജീവനിൽ ചൊരിയപ്പെടുന്ന സദാശിവന്റെ കൃപാശക്തിയാണ്. ആ ശക്തി ജ്വലിച്ച് തുടങ്ങിയ ഒരുവന്റെ ജീവിതത്തിൽ വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് വഴികാട്ടാൻ ഒരു ഗുരുവും അദേഹം നൽകുന്ന ദീക്ഷയും. ഇന്നത്തെ കാലത്ത് ഏറ്റവും ആത്മാർത്ഥമായി ആഗ്രഹിക്കുന്നവന് പോലും എളുപ്പം ലഭ്യമായ ഒന്നല്ല ഇത് രണ്ടും. അങ്ങിനെയുള്ള വേളയിൽ നാം എപ്പോഴോ മറന്നു പോയ ഒരു ഗുരുവിനെയും അദ്ദേഹം നൽകിയ കാലാതീതമായ ജ്ഞാന ദീക്ഷയും ഓർമിപ്പിക്കുന്നതിനുള്ള ഒരു ചെറിയ ശ്രമമാണ് ഈ ലേഖനം.

നാരായണഗുരുവിനെ നാം മറന്നു എന്ന പ്രസ്താവന ഒരു പക്ഷെ പലരും സമ്മതിച്ചു എന്ന് വരില്ല. ഒരു നവോത്ഥാനനായകൻ എന്ന നിലയിൽ അദ്ദേഹം ഇന്നും ചർച്ചകളിൽ നിറയുന്നുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ആത്മീയവശം ഇന്ന് എത്രപേർ ചർച്ചയ്ക്ക് എടുക്കുന്നുണ്ട് ? ശ്രീനാരായണീയർ എന്ന് സ്വയം അവകാശപ്പെടുന്നവർ പോലും അദ്ദേഹത്തിന്റെ സിദ്ധസ്വരൂപം നിറഞ്ഞു നിൽക്കുന്ന ആ കൃതികൾ പഠിക്കുന്നുണ്ടോ ? നാം മനസ്സിലാക്കേണ്ട ഒരു പ്രധാന വസ്തുത ഒരു സിദ്ധപുരുഷൻ മരണത്തെ അതിജീവിക്കുന്നത് തന്റെ അനുഭൂതിയെ പകർന്ന് വച്ച വൈഖരിയിലൂടെയാണ് എന്നതാണ്. ആ കൃതി ആത്മാർത്ഥമായി പഠിക്കുന്ന ഏതൊരു വ്യക്തിയ്ക്കും ആ ഗുരു സാമീപ്യം അനുഭവിക്കുന്നതിനും സാധിക്കും എന്നത് നിസ്സംശയമാണ്.

അത്തരത്തിൽ ഗുരുദേവൻ ധർമ്മനിഷ്ഠമായ സത്യാന്വേഷണത്തിന് ഒരുങ്ങിയ വ്യക്തിയ്ക്ക് നൽകുന്ന 100 ഉപദേശങ്ങളാണ് ആത്മോപദേശശതകം എന്ന ശുദ്ധമലയാളത്തിൽ ഉള്ള കൃതി. എല്ലാ ഉപദേശങ്ങളും ഈ ചെറിയ ലേഖനത്തിൽ പരിശോധിക്കുക സാധ്യമല്ലെങ്കിലും ആ കൃതി കൂടുതൽ പഠിക്കുന്നതിന് പ്രചോദനമാകാവുന്ന ചില വരികൾ നമുക്ക് പരിശോധിക്കാം.

ഒരു ലക്ഷ്യമില്ലാതെ ഒന്നിനും ഇറങ്ങി തിരിക്കുന്നവർ അല്ല ഒരു മനുഷ്യനും. അത് കൊണ്ട് ആദ്യം നമ്മൾ ചോദിക്കുന്ന ചോദ്യം - ഈ അന്വേഷണം കൊണ്ട് എനിക്കുണ്ടാകുന്ന മാറ്റം എന്താണ്? എന്നത് തന്നെയാകും.

അതിനുത്തരം ആത്മോപദേശശതകത്തിന്റെ അവസാന ശ്ലോകത്തിൽ നാരായണ ഗുരുദേവൻ നമ്മോട് പറയുന്നു.

" അതുമിതുമല്ല, സദർത്ഥമല്ലഹം
സച്ചിദമൃതമെന്നു തെളിഞ്ഞു ധീരനായി
സദസദിതി പ്രതിപത്തിയറ്റു, സത്തോ-
മിതി മൃദുവായി മൃദുവായമർന്നിടേണം"

ഞാൻ അതുമല്ല, ഇതുമല്ല ഞാൻ ശരീരവുമല്ല ശരീരിയുമല്ല, എന്നെപ്പറ്റി അതെന്നോ ഇതെന്നോ പറയാനാവുകയില്ല. ഞാൻ സത്ത് എന്നതിന്റെ അർത്ഥവുമല്ല. ഞാൻ സത്താണ്, ചിത്താണ്, അമൃതാണ് സച്ചിദാനന്ദമാണ്. ഈ അനുഭൂതി തെളിഞ്ഞു ആ തെളിവ് മാത്രമായി തീരണം. ഇങ്ങിനെ ധീരനായിട്ട് സത്തെന്നോ അസത്തെന്നോ വേർതിരിവൊക്കെ ഇല്ലാതായി ആ അറിവിൽ മൃദുവായി മൃദുവായി അമർന്നു ഒന്നായി തീരണം.

അപ്പോൾ ലക്ഷ്യം വ്യക്തമായി. ഇനി അതിനായി ഞാൻ എന്ത് ചെയ്യണം ?

" മനമലർ കൊയ്തു മഹേശപൂജ ചെയ്യും
മനുജനുമറ്റൊരു വേല ചെയ്തിടേണ്ട;
വനമലർ കൊയ്തുമതല്ലയായ്കിൽ മായാ-
മനുവുരുവിട്ടുമിരിക്കിൽ മായ മാറും.".

മനസ്സിൽ വിരിയുന്ന ചിന്തകളാകുന്ന പൂക്കൾ മഹേശ്വരന്റെ പാദങ്ങളിൽ സമർപ്പിക്കുന്ന മനുഷ്യന് മറ്റൊരു ഉപാസനയും ചെയ്യേണ്ടതില്ല. ഇവിടെ സൂചിപ്പിക്കുന്നത് ജ്ഞാനയോഗമാണ് - ആത്മാവിചാരവും ശാസ്ത്രപഠനവും. അത് എല്ലാവർക്കും എളുപ്പം സാധ്യമായ ഒന്നല്ല. അങ്ങിനെയുള്ളവർക്ക് മറ്റൊരു വഴി ഗുരുദേവൻ ഉപദേശിക്കുന്നു - ബാഹ്യമായി പുഷ്പങ്ങൾ ഭഗവാന് അർപ്പിച്ച് മായാബീജം ജപം ചെയ്യുക. അങ്ങിനെ ചെയ്യുന്ന വ്യക്തികളിൽ പതിയെ ശാസ്ത്രവാസന ഉദയം കൊള്ളുകയും അവർക്ക് ആദ്യം പറഞ്ഞ മാർഗ്ഗത്തിലേക്ക് പ്രവേശിക്കാൻ സാധിക്കുകയും ചെയ്യും.

ലക്ഷ്യവും വഴിയും വ്യക്തമായി, ഇനി അറിയേണ്ടത് ഈ വഴിയിൽ സഞ്ചരിക്കുന്നവൻ പാലിക്കേണ്ട ഭദ്രചര്യയാണ്. ഇത് തന്നെയാണ് ശാസ്ത്രങ്ങളിൽ പറയുന്ന തപസ്സും. ഇത് എങ്ങിനെയെന്ന് ആദ്യ വരികളിൽ തന്നെ ഗുരുദേവൻ വ്യക്തമാക്കുന്നുണ്ട്.

"അറിവിലുമേറിയറിഞ്ഞീടുന്നവൻ ത-
ന്നുരുവിലുമൊത്തു പുറത്തുമുജ്ജ്വലിക്കും
കരുവിനു കണ്ണുകളഞ്ചുമുള്ളടക്കി-

ത്തെരുതെരെ വീണവണങ്ങിയോതിടേണം."

എല്ലാ അറിവുകൾക്കും ഉപരിയായി തന്റെ അകത്തും പുറത്തും ഉജ്ജ്വലമായ പ്രഭ പടർത്തി നിൽക്കുന്ന സ്വരൂപത്തെ നിരന്തരം പ്രണമിക്കണം. നമ്മുടെ ശരീരത്തിന് ആധാരമായ പഞ്ചഭൂതങ്ങൾ-പഞ്ചേന്ദ്രീയങ്ങൾ-പഞ്ചതന്മാത്രകൾ ഇവയുടെ സൂക്ഷ്മമായ ശക്തിവിശേഷം അടങ്ങിയിരിക്കുന്ന ബീജങ്ങളാണ് ' നമഃ ശിവായ ' എന്ന പഞ്ചാക്ഷരിയിലെ ഓരോ അക്ഷരവും. പഞ്ചാക്ഷരിയെന്ന ഗുരുമന്ത്രത്തിന്റെ നിരന്തരമായ ജപമാണ് ഇവിടെ ഗുരുദേവൻ ഉപദേശിക്കുന്ന "ത്തെരുതെരെ വീണവണങ്ങിയോതൽ".

ഇനി അങ്ങിനെയുള്ള വ്യക്തി തന്റെ കർമ്മങ്ങളെ എപ്രകാരം ചിട്ടപ്പെടുത്തണം ? അതിന് മറുപടിയായി ഗുരുദേവൻ പറയുന്നു.

"അവനവനാത്മസുഖത്തിനാചരിക്ക-
ന്നവയപരന്നു സുഖത്തിനായ് വരേണം.
ഒരുവനു നല്ലതുമന്യനല്ലലും ചേർ-
പ്പൊരു തൊഴിലാത്മവിരോധി,യോർത്തിടേണം."

തന്റെ സുഖത്തിന് വേണ്ടി ആചരിക്കുന്ന ഓരോ കർമ്മവും അപരനും സുഖം പകരുന്നതാണോ എന്ന് ചിന്തിക്കണം. അങ്ങിനെയല്ലാത്ത കർമ്മങ്ങളിൽ നിന്ന് മാറി നിൽക്കണം. തനിക്ക് നന്മയും അന്യന് ദുഖവും നൽകുന്ന ഏതൊരു കർമ്മവും ആത്മവിരോധമെന്നും നാം തിരിച്ചറിയണം.

ഇപ്രകാരം മുന്നോട്ട് പോകുക അത്ര സുഗമാവുകയില്ല. എനിക്ക് അത് സാധിക്കുമോ എന്ന് ചിന്തിച്ചു തളർന്ന് പോകുന്നവരെ ആശ്വസിപ്പിച്ചു കൊണ്ട് ഗുരുദേവൻ പറയുന്നു.

"പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം
സുകൃതികൾ പോലുമഹോ! ചുഴന്നിടുന്നു!
വികൃതി വിടുന്നതിനായി വേല ചെയ്വീ-
ലകൃതി ഫലാഗ്രഹമറ്ററിഞ്ഞിടേണം."

സുകൃതികളായ ആളുകൾ പോലും പ്രകൃതിയുടെ ചുഴറ്റലിൽ വലഞ്ഞു പോകുന്നവരാണ്. അതിൽ നിരാശരാകേണ്ടതില്ല. പ്രകൃതിയുടെ പാശത്തിൽ നിന്ന് മുക്തി നേടാനായി മുൻപറഞ്ഞ പ്രകാരം കർമ്മങ്ങൾ അനുഷ്ഠിച്ചു കൊണ്ട് ജീവിക്കുക.

തന്റേത് എന്ന ഭാവം - മമത്വം - ആണ് ഏറ്റവും വലിയ പാശമായി സാധകനെ വരിയുന്നത്. അത് പോകുന്ന വേളയിൽ തന്നെ പരമമായ ജ്ഞാനം തെളിഞ്ഞു വരും. 'അഞ്ജനകാരന്റെ മഷിയിൽ തെളിയുന്ന ദേവത പോലെ ' ശുദ്ധമായ ചിത്തത്തിൽ ജ്ഞാനമാകുന്ന വിളക്ക് തെളിയുന്നു. നിധി പോലെ മറഞ്ഞു കിടക്കുന്ന അറിവിനെ കുറിച്ച് ഗുരുദേവൻ പറയുന്നു.

"അതിവിശദസ്മൃതിയാലതീതവിദ്യാ-
നിധി തെളിയുന്നിതിനില്ല നീതിഹാനി."

നിരന്തരമുള്ള ആത്മവിചാരം കൊണ്ട് ഉദയം കൊള്ളുന്ന ഈ ജ്ഞാനാഗ്നി എല്ലാത്തിനെയും എരിച്ചു കൊണ്ട് ആത്മസൂര്യനായി ജ്വലിക്കും എന്ന് ഗുരുദേവൻ ഓർമിപ്പിക്കുന്നു.

"അരണി കടഞ്ഞെഴുമഗ്നി പോലെയാരാ-
യ്‌വവരിലിരുന്നതിരറ്റെഴും വിവേകം
പരമചിദംബരമാർന്ന ഭാനുവായ് നി-
ന്നെരിയുമതിന്നിരയായിടുന്നു സർവ്വം."

അരണി കടയുമ്പോൾ ഉയരുന്ന അഗ്നി പോലെ സത്യാന്വേഷിയിൽ പൊന്തിവരുന്ന സീമയില്ലാത്ത വിവേകം എല്ലാ വാസനകളെയും എരിച്ചു കളഞ്ഞു ചിദാകാശത്തിൽ ഉദിച്ച സൂര്യനെ പോലെ പ്രശോഭിക്കും. ആ ജ്ഞാനകിരണങ്ങൾ പതിക്കാത്തതായി ഒന്നും അവശേഷിക്കുകയുമില്ല. ഈ ഒരു അവസ്ഥയാണ് എല്ലാവരും പ്രാപിക്കേണ്ടത്. ഇത് തന്നെ ജീവിതത്തിന് ശ്രേയസ്സ് നൽകുന്ന ഋഷിപ്രോക്തമായ വഴിയും.

ആ വഴിയിൽ സഞ്ചരിക്കാൻ ഉള്ള എല്ലാ നിർദേശവും നൽകുന്ന ഈ കൃതി മനനം ചെയ്യാതിരിക്കുക എന്നത് ആ മഹാമനീഷിയോട് ചെയ്യുന്ന അക്ഷന്തവ്യമായ തെറ്റാണ്. ഗുരുവിനെ അനുഭവിക്കേണ്ടത് മൃതമായ പ്രതിമകളിൽ അല്ല മറിച്ചു അദ്ദേഹത്തിന്റെ സിദ്ധസ്വരൂപം നിറഞ്ഞു നിൽക്കുന്ന ജീവസുറ്റ കൃതികളിലാണ് എന്ന് ഏവരെയും ഓർമ്മിപ്പിക്കാൻ സാധിച്ചുവെങ്കിൽ ഈ ചെറിയ എഴുത്ത് ധന്യമായി. ജനിച്ച നാൾ മുതൽ ഗുരുദേവൻ കൊളുത്തിയ പ്രകാശത്തിൽ ജീവിതം നയിക്കാൻ കഴിഞ്ഞ ഈയുള്ളവൻ ഈ വരികൾ ആ മഹാഗുരുവിന്റെ പാദങ്ങളിൽ അർപ്പിക്കുന്നു.

നമഃ ശിവായ

**സുധിൻ.പി.കെ**

# പിൻകുറിപ്പ്

അക്ഷരത്താളുകൾ മറിച്ചുനോക്കുന്നതിന്റെ കൗതുകചിത്രങ്ങൾ ഇതൾ വിരിയുകയായിരുന്നു ഇതുവരെ.ഒരു മാഗസിൻ നിർമിക്കാനുള്ള എളിയ പരിശീലനത്തിന്റെ ഭാഗമാണ് ഈ മാഗസിന്റെ പിറവി. ഇവയുടെ പാകങ്ങളും അപാകങ്ങളും ഞങ്ങൾ വിശകലനം ചെയാതിട്ടില്ല. വലിയ തെറ്റുകൾ മാത്രം ചെറുതായി തിരുത്താനേ ശ്രമിച്ചിട്ടുള്ളൂ.ഈ സ്നേഹസഞ്ചാരത്തിൽ കൈപിടിച്ചവരോടുള്ള നന്ദി ഹൃദയധമനകളിൽ സൂക്ഷിക്കുന്നു. ഈ വരണ്ടകാലത്തും സ്നിഗ്ധതയുടെ ആത്മചൈതന്യം ആറ്റുപോയിട്ടില്ല എന്ന പ്രഖ്യാപനം ഈ മാഗസിന്റെ ഏടുകൾ അടയാളപ്പെടുത്തുന്നുവെങ്കിൽ ഞങ്ങൾ കൃതാർത്ഥരായി.

**എഡിറ്റോറിയൽ ബോർഡ്**